# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/ബി.പി/1447/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ ജില്ല
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/എ.എൽ.പി/ബി.പി/1447/23 തീയ്യതി: 23/12/2023

## ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് വിജയകുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ആശ.എം.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി . രുഗ്മിണി രാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ . വിഷ്ണു മോഹൻദേവ് | സെക്രട്ടറി | 01-04-2022 | 15-02-2023 |
| ശ്രീ . ജയസിംഹൻ കെ | സെക്രട്ടറി | 16-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . സാഹിനി എസ് | സി ഡി പി ഒ | 01-04-2022 | 09-12-2022 |
| ശ്രീമതി . ശ്രീലത എസ് | സി ഡി പി ഒ | 22-12-2022 | 31-03-2023 |
| ഡോ . സുനിൽ ആർ | മെഡിക്കൽ ഓഫീസർ , സി എച്ച് സി | 01-04-2022 | 31-03-2023 |
| ശ്രീമതി ജയശ്രീ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-04-2022 |
| ശ്രീമതി ആശ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2022 | 09-05-2022 |
| ശ്രീമതി ജസീന എം | അസിസ്റ്റന്റ് എഞ്ചിനീയർ | 10-05-2022 | 31-03-2023 |
| ശ്രീമതി . അമൃത എൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 04-01-2023 |
| ശ്രീമതി . രാജവല്ലി എൻ എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-01-2023 | 31-03-2023 |
| ശ്രീമതി . അശ്വതി വി ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ഗീതാഞ്ജലി എസ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . സനിത എൽ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ലേഖ മോഹൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 09-10-2022 |
| ശ്രീ . രാജേന്ദ്ര പ്രസാദ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10-10-2022 | 31-03-2023 |
| വേക്കന്റ് | സി ഡി പി ഒ | 10-12-2022 | 21-12-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | RP4, RP5, RP6 എന്നിവ പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | വികസന ഫണ്ട് (ജനറൽ ) ഇനത്തിൽ എ സി ആർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വികസന ഫണ്ട് (റ്റി എസ് പി ) ഇനത്തിൽ എ സി ആർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) ഇനത്തിൽ എ സി ആർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | കേരളാ വാട്ടർ അതോറിറ്റി , ഗ്രൌണ്ട് വാട്ടർ വകുപ്പ് എന്നിവിടങ്ങളിൽ തൻ വർഷം നിക്ഷേപിച്ച തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സി എഫ് സി പലിശയിനത്തിൽ വരവ് വന്ന തുക നിർദ്ദിഷ്ട ശീർഷകത്തിൽ അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല | 1-1-10 |
| 12 | ബാങ്ക് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല - ഷെഡ്യൂൾ - B17 -ലെ തുകകൾ പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ലോൺ രജിസ്റ്റർ ഹാജരാക്കിയില്ല - വാർഷിക കണക്ക് പ്രകാരമുള്ള ലോണിന്റെ നീക്കി ബാക്കിയുടെ കൃത്യത പരിശോധിയ്ക്കാനായില്ല | 1-1-12 |
| 14 | സംയുക്ത പ്രോജക്റ്റുകളുടെ തൻ വർഷത്തെ ചെലവ് തുക വാർഷിക കണക്ക് , സുലേഖ ചെലവ് പത്രികയുമായി യോജിക്കുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | തനത് ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല | 1-10 |
| 24 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു | 1-11 |
| 25 | അറയ്ക്കൽ കോളനി അടിസ്ഥാന സൗകര്യവികസനം - കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം- കെട്ടിട -ലേല നടപടികളുടെ വിവരം ലഭ്യമാക്കിയില്ല | 1-12 |
| 26 | കേരം ഹരിതം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി | 1-13 |
| 27 | സി.എച്ച്.സി.തൃക്കുന്നപ്പുഴയിലേക്ക് ലാബ് റീഏജന്റ് കിറ്റും ഉപകരണങ്ങളും വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-14 |
| 28 | രസീത് നല്കാതെ ഗുണഭോക്തൃവിഹിതം പിരിക്കുന്നു | 1-15 |
| 29 | പത്രപ്പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 1-16 |
| 30 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-17 |
| 31 | ഇൻഷുറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-18 |
| 32 | ആശ്രയ പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതമിനത്തിൽ നല്കിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 33 | ഇ എം എസ് വായ്പ തിരിച്ചടവ് എന്ന പ്രോജക്റ്റ് പ്രകാരം അടവാക്കിയ തുകയിൽ നിന്നും പലിശ കുറവ് ചെയ്തു | 1-20 |
| 34 | ട്രാൻസ് ജെന്ററുകൾക്ക് തൊഴിൽ സംരംഭത്തിനായ് ഗ്രാമ പഞ്ചായത്തിന് തുക കൈമാറൽ- വിനിയോഗ രേഖകൾ ലഭ്യമല്ല | 1-21 |
| 35 | അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വിനിയോഗ രേഖകൾ ലഭ്യമല്ല | 1-22 |
| 36 | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തിലെ ശുദ്ധ ജല പമ്പ് ഹൌസുകളിലെ കാലഹരണപ്പെട്ട മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കൽ -ചെലവ് തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല | 1-23 |
| 37 | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ സ്മാർട്ട് അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ- വിനിയോഗ രേഖകൾ ലഭ്യമല്ല | 1-24 |
| 38 | ആശുപത്രികളിലേക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-25 |
| 39 | ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ | 1-26 |

| | | |
|---|---|---|
| | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | |
| 40 | പ്ലാസ്റ്റിക് റിസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയില്ല | 1-27 |
| 41 | ഐ കെ എം വിഹിതം നല്കൽ -വിനിയോഗ രേഖകൾ ലഭ്യമല്ല | 1-28 |
| 42 | മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ - ക്രമീകരിച്ചിട്ടില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പത്രപ്പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 3-1 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-2 |
| 3 | ഇൻഷുറൻസ് എടുക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം | 4-7 |
| 8 | ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I.1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-06-2023-ലെ ജനറൽ കമ്മറ്റി തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 01-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

23.12.2023

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെചേർക്കുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 RP4, RP5, RP6 എന്നിവ പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

വാർഷിക കണക്കിലെ ഷെഡ്യൂൾ RP4, RP5, RP6 എന്നിവ പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ, വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല.

1-1-4 വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ, ബ്ലോക്ക് പഞ്ചായത്തിന്റെ വാടകയുടെ ഡിമാൻറ്, തൻവർഷത്തെ വരവ്, നീക്കി ബാക്കി വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-6 വികസന ഫണ്ട് (ജനറൽ ) ഇനത്തിൽ എ സി ആർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (ജനറൽ ) ഇനത്തിൽ എ സി ആർ പ്രകാരം , ചെലവ് തുക 2,33,54,907/- രൂപയാണ്.

വാർഷിക കണക്ക് പ്രകാരം ചെലവ് തുക 2,16,90,984/- രൂപയാണ്. വ്യത്യാസം – 16,63,923/- രൂപ.

1-1-7 വികസന ഫണ്ട് (റ്റി എസ് പി ) ഇനത്തിൽ എ സി ആർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (റ്റി എസ് പി) ഇനത്തിൽ എ സി ആർ പ്രകാരം, ചെലവ് തുക 1,25,000/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ചെലവ് തുക 1,11,166/- രൂപയാണ്. വ്യത്യാസം – 13834/- രൂപ.

1-1-8 മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) ഇനത്തിൽ എ സി ആർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ എ സി ആർ പ്രകാരം, ചെലവ് തുക 55,19,058/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ചെലവ് തുക 53,55,077/- രൂപയാണ്. വ്യത്യാസം – 1,63,981/- രൂപ.

1-1-9 കേരളാ വാട്ടർ അതോറിറ്റി , ഗ്രൌണ്ട് വാട്ടർ വകുപ്പ് എന്നിവിടങ്ങളിൽ തൻ വർഷം നിക്ഷേപിച്ച തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

കേരളാ വാട്ടർ അതോറിറ്റിയിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ നിക്ഷേപ തുക- 30,30,000/-രൂപയാണ്. എന്നാൽ, വാർഷിക കണക്ക് പ്രകാരം തൻ വർഷത്തെ നിക്ഷേപ തുക- 28,25,000/-രൂപയാണ്. കൂടാതെ, ഗ്രൌണ്ട് വാട്ടർ വകുപ്പിൽ വാർഷിക കണക്ക് പ്രകാരം 17,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

1-1-10 സി എഫ് സി പലിശയിനത്തിൽ വരവ് വന്ന തുക നിർദ്ദിഷ്ട ശീർഷകത്തിൽ അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല

സി എഫ് സി പലിശയിനത്തിൽ വരവ് വന്ന തുക (73,588/-) നിർദ്ദിഷ്ട ശീർഷകത്തിൽ (ഷെഡ്യൂൾ RP-30) അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ബാങ്ക് പാസ്ബുക്കിലെ നീക്കിയിരിപ്പ് തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺ -ടൈഡ്)വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-11 ബാങ്ക് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല - ഷെഡ്യൂൾ - B17 -ലെ തുകകൾ പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

താഴെ കൊടുത്തിരിക്കുന്ന അക്കൌണ്ടുകളുടെ റീ – കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

| അക്കൗണ്ട് | വാർഷിക കണക്കിലെ Rp40(b) പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| Canara Bank , Haripad (IAY)<br>A/C No.0860101056550 | 40031759 | 39953928 |
| IOB<br>A/C No. -14161000006666 | 24367 | 27299 |
| PNB (Health Grant)<br>A/C No. 4276000100948447 | 68686 | 155036 |
| PNB (TSC), Haripad | 632951.5 | 616153.7 |
| PNB (Sign SHG), Haripad<br>A/C No. 4276000100931094 | 5043 | 0 |
| Special TSB NABARD/ PMAY DP Share | 100 | 0 |

1-1-12 ലോൺ രജിസ്റ്റർ ഹാജരാക്കിയില്ല - വാർഷിക കണക്ക് പ്രകാരമുള്ള ലോണിന്റെ നീക്കി ബാക്കിയുടെ കൃത്യത പരിശോധിക്കാനായില്ല

2021-22 വർഷത്തെ വായ്പയുടെ നീക്കി ബാക്കി (-)189146/-രൂപയാണ്. ഫയൽ പരിശോധിച്ചതിൽ 31.03.2022-ലെ നീക്കിബാക്കി 354140 രൂപയാണ്. എന്നാൽ, പാസ് ബുക്ക് പ്രകാരം നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 467402 രൂപയാണ്. 2022-23 വർഷം പാസ് ബുക്കിൽ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിന് പ്രോജക്റ്റ് രൂപീകരിച്ച് തിരിച്ചടച്ച.

ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ, യഥാർത്ഥത്തിൽ തിരിച്ചടയ്ക്കേണ്ട തുക സംബന്ധിക്കുന്ന കൃത്യത പരിശോധിയ്ക്കാനായില്ല.

### 1-1-13 സംയുക്ത പ്രോജക്റ്റുകളുടെ തൻ വർഷത്തെ ചെലവ് തുക വാർഷിക കണക്ക് , സുലേഖ ചെലവ് പത്രികയുമായി യോജിക്കുന്നില്ല

ചെലവ് പത്രിക പ്രകാരം മറ്റ് ബ്ലോക്ക് പഞ്ചായത്ത് വരവിനത്തിൽ 12,00,000/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കിൽ ഇപ്രകാരം വരവില്ല.

വാർഷിക കണക്ക് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ഈ വർഷത്തെ ചെലവ് തുക 7504000/- രൂപയാണ്. (ഷെഡ്യൂൾ- I6). ചെലവ് പത്രിക പ്രകാരം ഈ ഇനത്തിൽ ചെലവില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25-03-2022 ലെ 1 (1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 912358000 | 912208000 |
| വാർഷിക കണക്ക് പ്രകാരം | 69578672 | 58236629 |

### 1-3 സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 62740584.5 |
| വരവ് | 65450527 |
| ആകെ | 128191111.5 |
| ചെലവ് | 76005210 |
| നീക്കിയിരിപ്പ് | 52185901.5 |

### 1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25010000 | 25010000 | 23354907 | 1655093 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | 0 | 9574000 | 9574000 | 8480517 | 1093483 (ലാപ്സായി |
| വികസനഫണ്ട് ടി.എസ്.പി. | 0 | 125000 | 125000 | 125000 | 0 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7391000 | 7391000 | 5519058 | 1871942 (ലാപ്സായി |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 135415 | 135415 | 0 | 135415 (ലാപ്സായി |

| | | | | | |
|---|---|---|---|---|---|
| (അൺടൈഡ്) ട്രഷറി | | | | | |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ബാങ്ക് | 248853 | 4356441 (പലിശ 75588 ഉൾപ്പെടെ) | 4356441 | 3954535 | 401906 (നീക്കി ബാക്കി) |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 497923 | 497923 | 0 | 497923 (ലാപ്സായി |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 2920000 | 6048000 | 8968000 | 6536261 | 2431739 (നീക്കി ബാക്കി) |

## 1-5 പദ്ധതി അവലോകനം

പതിനാലാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 ൽ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ എണ്ണം | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 83 | 63791054 | 74 | 49337025 | 44 | 30 | 9 | 53% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023 തീയതിയിൽ 3.45 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് വരവൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖപ്പെടുത്തലില്ല.

2. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ

ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല.

3. തനത് വരുമാനം സൃഷ്ടിക്കുന്നതിനായി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ നമ്പർ/തീയതി, വാങ്ങുന്ന സാധനങ്ങളുടെ കമ്പനി ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 തനത് ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല

തൻവർഷം വികസന ഫണ്ട് (ജനറൽ), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സെക്രട്ടറി നിർവ്വഹിച്ച എഫ് ആർ പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ കേടായ വല മാറ്റി പുതിയ വല നല്കൽ (പ്രോജക്ട് നം. S0074/23) എന്ന പ്രോജക്ടിന് തനത് ഫണ്ടിൽ നിന്നും 75,000/-രൂപ ചെലവഴിച്ചതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തൽ കാണുന്നു. മേൽ പ്രോജക്ടിനായി 75000/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ചെലവുകളോ, പ്രോജക്ടുകളോ സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.12.12.2023) മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ നിന്നും അടങ്കൽ ഉൾപ്പെടുത്തിയ പ്രോജക്ടിലെ ചെലവുകൾ സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ ഫീസിനത്തിലെ തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓൺലൈൻ ഇ-ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ (എസ്.ബി.ഐ-37172174829) 14.09.23 ൽ 41,426/- രൂപ ടെണ്ടർ ഫീസിനത്തിൽ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നിലനിൽക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേക്ക് ഒടുക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(10/13.12.23) മറുപടിയായി നീക്കിയിരിപ്പുതുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 അറയ്ക്കൽ കോളനി അടിസ്ഥാന സൗകര്യവികസനം - കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം- കെട്ടിട -ലേല നടപടികളുടെ വിവരം ലഭ്യമാക്കിയില്ല

കരുവാറ്റ ഗ്രാമപഞ്ചായത്ത് അറയ്ക്കൽ കോളനി അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പഴയ കമ്മ്യൂണിറ്റി ഹാൾ പൊളിച്ചുനീക്കുന്നതിനും ആയതിന്റെ വാല്യുവേഷൻ എടുത്ത് നല്കുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. (തീരുമാനം-18.1.22 ലെ 2(1)-കരുവാറ്റ ഗ്രാമപഞ്ചായത്ത്). അതിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 35685.51 രൂപയുടെ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വർക്കുബില്ലുപ്രകാരം വാതിലുകൾ, ജനലുകൾ, റൂഫിംഗ്, ബ്രിക്ക് വർക്ക് എന്നിവ പൊളിച്ചുമാറ്റിയതിനായി തുക ചെലവഴിച്ചിട്ടുണ്ട്. മേൽ വാല്യുവേഷൻ പ്രകാരം ലേലനടപടികൾ സ്വീകരിച്ച് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലേല

നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആ വിവരവും അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(9/13.12.23) മറുപടിയായി സർവ്വേ റിപ്പോർട്ട് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 കേരം ഹരിതം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നം.S0043/23 – കേരം ഹരിതം

പ്രോജക്ട് അടങ്കൽ – 150000/- (വികസന ഫണ്ട് – പൊതുവിഭാഗം)

ചെലവ് -127660/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ഗുണമേന്മയുള്ള കുറിയ ഇനം തെങ്ങുകളിൽ നിന്നുള്ള വിത്ത് തേങ്ങകൾ ശേഖരിച്ച് MGNREGS പദ്ധതിയുമായി ചേർന്ന് തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് കൃഷിഭവനുകൾ മുഖാന്തിരം സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖയിൽ ഇപ്രകാരമൊരു പ്രോജക്ടില്ല. ഇത് ഒരു നൂതന പ്രോജക്ടായി അംഗീകാരം വാങ്ങിയിട്ടുമില്ല.

2. സബ്സിഡി മാർഗ്ഗരേഖ 6-1(5) പ്രകാരം തെങ്ങിൻതൈകൾ പരമാവധി 75% സബ്സിഡി നിരക്കിലാണ് വിതരണം നടത്താവുന്നത്. എന്നാൽ ഇവിടെ 100% സബ്സിഡിയിലാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്.

3.ജി.ഒ.(ആർ.ടി.)2911/2022/LSGD., തീയതി – 24.11.22 പ്രകാരമുള്ള സീഡ് ആക്ട് അനുസരിച്ച് വിത്ത് വിൽപ്പന ലൈസൻസ്, നടീൽ വസ്തുക്കൾ വിൽക്കുന്നതിനുള്ള നഴ്സറി ലൈസൻസ് എന്നിവ ഉള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രമേ നടീൽ വസ്തുക്കൾ വാങ്ങുന്നതിന് അനുമതിയുള്ളൂ. കൂടാതെ Directorate Of Agriculture Development & Farmers Welfare Department-ന്റെ 03.08.2018 ലെ TQ(3)/30360/18 നം. സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം വിത്തുകൾ ശേഖരിക്കുന്നതിനും അവയുടെ ഗുണനിലവാരം സംബന്ധിച്ചുള്ള പരിശോധനാ നിബന്ധനകൾ (Sample Testing)പാലിച്ചിട്ടുമില്ല. Directorate Of Agriculture-ന്റെ 30.6.2020ലെ TH(2)11548/2020 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം കുള്ളൻ തെങ്ങുകളുടെ വിത്തുതേങ്ങ അംഗീകൃത നഴ്സറികൾ/ഫാമുകൾ, കൃഷിക്കാർ എന്നിവരിൽ നിന്നും 70/- രൂപ നിരക്കിൽ സംഭരിച്ച് മുളപ്പിക്കുന്നതിന് സീഡ് ഡവലപ്മെന്റ് യൂണിറ്റ്, ചാവക്കാടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയത് നിശ്ചിത ഹെക്ടറിൽ നടപ്പാക്കുന്നതിനു മാത്രമാണ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതും. മേൽ പ്രോജക്ടിൽ ബ്ലോക്കിനു കീഴിലുള്ള വിവിധ കർഷകരിൽനിന്നും കൃഷിഭവനുകൾ വഴിയാണ് വിത്തുതേങ്ങ സംഭരിച്ചത്. ഇപ്രകാരം ശേഖരിച്ച തേങ്ങകളുടെ ഗുണനിലവാരം അംഗീകൃത ലാബിൽ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

4. കർഷകരുടെ കൈപ്പറ്റ് രസീതുകൾ പ്രകാരം ആകെ 1700 വിത്തുതേങ്ങകൾ സംഭരിക്കുകയും ആയതിന് 1,19,000/-രൂപ (1700x70) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 1222 വിത്തുതേങ്ങകൾ പാകുകയും 82 എണ്ണം Damage ആയും 335 എണ്ണം മുളയ്ക്കാത്തതായും ബാക്കി 805 എണ്ണം വിതരണം ചെയ്തതായുമാണ് കാണിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഗുണനിലവാരമില്ലാത്ത വിത്തു തേങ്ങകളാണ് സംഭരിച്ചത് എന്ന് വ്യക്തമാണ്. ഗുണനിലവാരമുള്ള വിത്തുതേങ്ങയ്ക്കായാണ് 70/-രൂപ നിശ്ചയിച്ചിട്ടുള്ളത്. മേൽ സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ള ഗുണനിലവാര പരിശോധനകൾ പാലിക്കാത്തതിനാലും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതിരുന്നതിനാലുമാണ് ഇത്രയധികം മോശവും മുളയ്ക്കാത്തതുമായ തേങ്ങ സംഭരിക്കാൻ ഇടയായത്.

തേങ്ങ സംഭരിച്ചതിന് തുക നല്കിയതിന്റെ വിവരം

| ട്രഷറി ബിൽ നം. | തുക | സംഭരിച്ച തേങ്ങ |
|---|---|---|
| 21/22-23/10.3.23 | 16310 | 233 |
| 22/22-23/10.3.23 | 10640 | 152 |
| 29/22-23/24.3.23 | 14000 | 200 |
| 30/22-23/24.3.23 | 4900 | 70 |
| 31/22-23/27.3.23 | 17500 | 250 |
| 33/22-23/27.3.23 | 12810 | 183 |
| 34/22-23/27.3.23 | 17500 | 250 |
| 35/22-23/27.3.23 | 4690 | 67 |
| 37/22-23/30.3.23 | 17500 | 250 |
| 38/22-23/30.3.23 | 3150 | 45 |
| | 119000 | 1700 |

5. വിത്തുതേങ്ങയ്ക്ക് പണം നല്കി 1700 വിത്തുതേങ്ങകൾ വാങ്ങിയെങ്കിലും MGNREGS മായി സഹകരിച്ച് ചെറുതന ഗ്രാമപഞ്ചായത്തിലെ 6, 7 വാർഡുകളിൽ ആകെ 2 പ്ലോട്ടുകളിലെ 33 ബെഡുകളിലായി 1222 എണ്ണം മാത്രമാണ് പാകിയത്. ബാക്കി എന്തുചെയ്തു എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.1/8.12.23) ലഭ്യമാക്കിയ മറുപടിയിൽ "ബാക്കിയുള്ള വിത്തുകൾ രണ്ടാം ഘട്ടത്തിലായി മാർച്ച് മാസത്തിൽ പാകിയിട്ടുള്ളതും ആയത് നിലവിൽ ഇളക്കി വിതരണത്തിനായി പാകമായിട്ടുണ്ടെന്നുമാണ്". എന്നാൽ ബ്ലോക്ക് ഓഫീസിൽ പ്രവർത്തിക്കുന്ന MGNREGS ഓഫീസിൽ നേരിട്ട് അന്വേഷിച്ചതിൽ, ഇപ്രകാരം ഒരു രണ്ടാം ഘട്ടം നടപ്പാക്കിയിട്ടില്ല എന്നും 2023-24 വർഷത്തെ പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തി നിലവിൽ തേങ്ങ പാകിക്കൊണ്ടിരിക്കുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി തന്നെയാണ് വിത്തുതേങ്ങ പാകി മുളപ്പിച്ച് വിതരണം ചെയ്ത ശ്രീവത്സം ഗ്രൂപ്പിലെ ശ്രീമതി വിനീത, ശലഭം ഗ്രൂപ്പിലെ ശ്രീമതി സുശീല എന്നിവരെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ നിന്നും അറിയാൻ കഴിഞ്ഞത്. 2022-23 വർഷത്തെ മുഴുവൻ തൈകളും ബ്ലോക്കിലേക്ക് നല്കിയതായും അവർ അറിയിച്ചു.

6. ലഭ്യമാക്കിയ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കരുവാറ്റ – 124, ചെറുതന-104, പള്ളിപ്പാട്-115, വീയപുരം-104, തൃക്കുന്നപ്പുഴ-101 എന്നിങ്ങനെ 5കൃഷിഭവനുകൾ മുഖേന 548 എണ്ണം വിതരണം ചെയ്തതിന്റെ രേഖകളാണ് കൃഷി ഓഫീസർമാർ ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ADA ഹാജരാക്കിയ കണക്കും മുളപ്പിച്ച സ്ഥലത്തുനിന്നും കയറ്റിയതിന് നല്കിയ കൂലിയിലെ വൗച്ചറുകളും പ്രകാരം കരുവാറ്റ – 125, ചെറുതന-105, പള്ളിപ്പാട്-115, വീയപുരം- 125, തൃക്കുന്നപ്പുഴ-105, കാർത്തികപ്പള്ളി- 105, കുമാരപുരം-125 എന്നിങ്ങനെ 805 തെങ്ങിൻതൈകൾ ആണ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കി 257 (805-548)തൈകൾ വിതരണം നടത്തിയതിന്റെ രേഖകൾ, വിത്തുതേങ്ങ സംഭരിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.

ടി ന്യൂനതകളുടെ അടിസ്ഥാനത്തിൽ വിത്തു തേങ്ങ വിലയിനത്തിൽ നടത്തിയ 1,19,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

1-14 സി.എച്ച്.സി.തൃക്കുന്നപ്പുഴയിലേക്ക് ലാബ് റീഏജന്റ് കിറ്റും ഉപകരണങ്ങളും വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. S0089/23

അടങ്കൽ - 61805/- (ഹെൽത്ത് ഗ്രാന്റ്)

ചെലവ് - 61805/-

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിനായി KMSCL യുടെ PRF – 132/22-23/30.12.22 പ്രകാരം Centrifuge-Brushless Type 8*15ml ലഭ്യമാക്കുന്നതിനായി 40908/- രൂപ ട്രഷറി ബിൽ നം.0/13.01.23 പ്രകാരം KMSCLന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ട് നം. 3624001800000037 ലേക്ക് നല്കിയിട്ടുണ്ട്. KMSCL ന്റെ പ്രോഫോർമ ഇൻവോയ്സ് പ്രകാരം Supplier ആയി കാണിച്ചിട്ടുള്ളത് M/s. Universal Agencies-നെയാണ്. എന്നാൽ ഉപകരണം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. തുക നല്കി ഒരു വർഷത്തോളമായിട്ടും ഉപകരണം ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/12.12.23), സ്ഥാപനവുമായി ബന്ധപ്പെട്ടതിൽ താമസിയാതെ ഉപകരണം എത്തിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് എന്നാണ് മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്. ഉപകരണം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 61805/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 രസീത് നല്കാതെ ഗുണഭോക്തൃവിഹിതം പിരിക്കുന്നു

പ്രോജക്ട് നം. S0027/23 - മഞ്ഞൾ പ്രസാദം - പ്രോജക്ടിനായി ആവശ്യമായ 5000 കിലോഗ്രം മഞ്ഞൾ വിത്തുകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO) നിന്നും (ഇൻവോയ്സ് നം. AMB/335/22-23/28.12.23) വാങ്ങി വിവിധ ഗ്രൂപ്പുകൾക്ക് നല്കിയിട്ടുണ്ട്. ഈ പ്രോജക്ടിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ 62500/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ, തുക പിരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രസീതുബുക്കുകൾ നല്കിയിട്ടില്ല.
രസീതുകൾ നല്കാതെ എപ്രകാരം തുക പിരിച്ചു എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/8.12.23) ലഭ്യമാക്കിയ മറുപടിയിൽ താൽക്കാലിക രസീതുകൾ പ്രകാരം തുക പിരിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചത്.
അതുപോലെ, തൻ വർഷം സെക്രട്ടറി നിർവ്വഹിച്ച എഫ് ആർ പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ കേടായ വല മാറ്റി പുതിയ വല നല്കൽ (Project No.S0074/23) എന്ന പ്രോജക്ടിനായി 75000/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ടിൽ അടവാക്കിയിട്ടുണ്ട്. ഇവിടെയും രസീതുകൾ ഉപയോഗിക്കാതെയാണ് ഗുണഭോക്തൃവിഹിതം പിരിച്ചത്. രസീതുകൾ നല്കാതെ എപ്രകാരം തുക പിരിച്ചു എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/12.12.23) മറുപടി ലഭ്യമാക്കിയില്ല.

ഔദ്യോഗിക രസീതുകൾ ഉപയോഗിക്കാതെ പിരിവ് നടത്തിയത് 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20(2)ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബ്ലോക്ക് പഞ്ചായത്ത് 2016 മാർച്ചിനുശേഷം രസീതുബുക്കുകൾ വാങ്ങുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഇഷ്യൂ ചെയ്യുകയോ ചെയ്തിട്ടില്ല. രസീത് നല്കാതെ തുക പിരിക്കുന്നത് ഗുരുതരമായ ക്രമക്കേടുകൾക്ക് വഴിതെളിക്കും. വിഷയത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പത്രപ്പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

മാതൃഭൂമി ദിനപത്രത്തിന്റെ 26.8.22 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.XY-0084382 പ്രകാരം 13.12.22 ൽ മാതൃഭൂമി പത്രത്തിന് രൂ.245/$cm^2$ നിരക്കിൽ 24 $Cm^2$ വിസ്തൃതിയുള്ള 4 പരസ്യങ്ങളുടെ പരസ്യക്കൂലിയിനത്തിൽ 5% നികുതി സഹിതം താഴെ ചേർക്കും പ്രകാരം 24696/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 10.12.2020-ലെ ജി.ഒ(പി).നം.02/2020/ഐ&പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 12-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകേണ്ട 15% ട്രേഡ് ഡിസ്കൗണ്ട് താഴെ ചേർത്തിരിക്കുന്നവയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | ബിൽ നം. | തുക(നികുതി ഒഴികെ) | 5%നികുതി ഉൾപ്പെടെ നല്കിയ തുക | ലഭ്യമാകേണ്ട 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 321000032244/5.8.21 | 5880 | 6174 | 882 |
| 2 | 321000040685/29.8.21 | 5880 | 6174 | 882 |
| 3 | 321000028064/23.7.21 | 5880 | 6174 | 882 |
| 4 | 321000023647/08.7.21 | 5880 | 6174 | 882 |
| | | ആകെ | 24696 | 3528/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/13.12..23) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകേണ്ട ഡിസ്കൗണ്ട് തുക രൂ.3528/- സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ലഭ്യമാകാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-17 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നം- S0053/23
ചെലവ് - 243100/-വികസന ഫണ്ട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 2022-23 വർഷം ആകെ 243100 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം പരമാവധി 2000 കി.മി. ദൂരം ഓടുന്നതിന് കിലോ മീറ്ററിന് 17രൂ. നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. എന്നാൽ, 2023 മാർച്ച് മാസം 2292 കി.മീ. ഓടിയതിന് 17/k.m നിരക്കിൽ 38964രൂപ (ട്രഷറി ബിൽ നം.9/31.3.23) വാഹനവാടകയായി നല്കിയിട്ടുണ്ട്. 2000 കിലോമീറ്ററിൽ പരിമിതപ്പെടുത്തിയല്ല തുക അനുവദിച്ച് നല്കിയത്.ആയതുമൂലം 2964 രൂ.അധികം നല്കുവാനിടയായി.

ജി.ഒ (എം.എസ്)115/2022/ത.സ്വ.ഭ.വ/28.05.22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പ്രതിമാസം പരമാവധി 2000 കി.മി ഓടുന്നതിന് 36000 രൂപ വരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

സർക്കാർ നിർദ്ദേശിക്കുന്നതിലും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/11.12.23) മറുപടിയായി മാർച്ച് മാസത്തെ തിരക്കിൽ പറ്റിയ ക്ലറിക്കൽ എറർ ആണെന്നും വാഹനയുടമയിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അധികം ചെലവഴിച്ച 2964 രൂപ വാഹനയുടമയിൽ നിന്നും ഈടാക്കാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-18 ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ

നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | കരുവാറ്റ പഞ്ചായത്തിൽ വാർഡ്9 ൽ വലിയപറമ്പ് ക്ഷേത്രം മുതൽ എൻ.എസ്.എസ് കരയോഗം വരെ ഓട നിർമ്മാണം (S0001/23) | സഞ്ജു ശശിധരൻ | 1231047 | 2462 | 487109/-327/28.3.23 |
| 2 | ചെറുതന സബ്സെന്റർ പൂർത്തീകരണം (S0101/23) | ബാബു ഗോപാലൻ | 1034755 | 2070 | 493697/-BRN-230706630100008 01173 /16.11.23 |
| ആകെ | | | | 4532 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/12.12.23) മറുപടിയായി ഇൻഷ്വറൻസ് ഇല്ലാത്തതിനാൽ ഫൈനൽ ബില്ലിൽ നിന്നും ഫൈൻ പിടിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ തുക ഈടാക്കിയില്ലെങ്കിൽ ആയതു നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്. ഫൈൻ ഇനത്തിൽ ഈടാക്കുവാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

(ക്രമ നം. 2ന്റെ ചെലവ് 2023-24ൽ ആയതിനാൽ ക്രമ നം.1 ന്റെ തുക മാത്രമാണ് ഭാഗം 3 ൽ ചേർത്തിരിക്കുന്നത്.)

## 1-19 ആശ്രയ പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതമിനത്തിൽ നല്കിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. S0037/23

ആശ്രയ പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ

നിർവഹണം – സെക്രട്ടറി

അടങ്കൽ – 250000

ചെലവ് – 250000

മേൽ പ്രോജക്ട് അനുസരിച്ച് താഴെ ചേർക്കും പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

| തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| കരുവാറ്റ | 2,00,000 | 25.08.2022 |

| | | |
|---|---|---|
| പള്ളിപ്പാട് | 50,000 | 23.11.2022 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023) വിനിയോഗ വിവരം ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കത്ത് നല്കിയിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നും രേഖപ്പെടുത്തി മറുപടി ലഭ്യമാക്കി. വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ, 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഇ എം എസ് വായ്പ തിരിച്ചടവ് എന്ന പ്രോജക്റ്റ് പ്രകാരം അടവാക്കിയ തുകയിൽ നിന്നും പലിശ കുറവ് ചെയ്തു

സെക്രട്ടറി നിർവഹണം നടത്തിയ ഇ എം എസ് ഭവന വായ്പ തിരിച്ചടവ് (പ്രോജക്റ്റ് നം. S0038/23) എന്ന പ്രോജക്റ്റ് പ്രകാരം 467402/-രൂപ, ബിൽ നം.13/ 24.08.2022 പ്രകാരം പിൻവലിച്ച് കുമാരപുരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 2147-ലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ, 467402/-രൂപയിൽ 423606/-രൂപ മുതലിൽ കുറവ് ചെയ്യുകയും 43796/-രൂപ പലിശയിലേയ്ക്ക് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. (26.09.2022 – ലെ പാസ് ബുക്ക് രേഖപ്പെടുത്തൽ പ്രകാരം). ഭവന വായ്പയുടെ പലിശ തുക അടവാക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6, തീയതി - 12.12.2023) ലഭ്യമാക്കിയ മറുപടിയിൽ ടി വിവരം ചൂണ്ടിക്കാണിച്ച് സെക്രട്ടറി, കുമാരപുരം സർവീസ് ബാങ്ക് – ന് കത്ത് അയച്ചതായി അറിയിച്ചിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം, 24.08.2022 – ൽ വായ്പ തുക മുഴുവനായും അടവാക്കിയെങ്കിലും തുക പൂർണ്ണമായും മുതലിൽ കിഴിവ് ചെയ്യാതിരുന്നതിനാൽ ബാങ്കിലെ രേഖകൾ പ്രകാരം 43796/-രൂപയുടെ ബാധ്യത നിലനിൽക്കുന്നു. ന്യൂനത ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 ട്രാൻസ് ജെന്ററുകൾക്ക് തൊഴിൽ സംരംഭത്തിനായ് ഗ്രാമ പഞ്ചായത്തിന് തുക കൈമാറൽ- വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. – S0077/23
ട്രാൻസ് ജെന്ററുകൾക്ക് തൊഴിൽ സംരംഭത്തിനായ് ഗ്രാമ പഞ്ചായത്തിന് തുക കൈമാറൽ
നിർവഹണം – സെക്രട്ടറി
അടങ്കൽ – 50000
ചെലവ് – 50000
മേൽ പ്രോജക്ട് പ്രകാരം, 20.03.2023 - ൽ 50000/-രൂപ കരുവാറ്റ ഗ്രാമ പഞ്ചായത്തിന് നല്കി. എന്നാൽ തുകയുടെ വിനിയോഗ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023) വിനിയോഗ രേഖകൾ ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ, 50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. – S0091/23
അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം
നിർവഹണം – സെക്രട്ടറി
അടങ്കൽ
50000(വികസന ഫണ്ട്)
150000(തനത് ഫണ്ട്)
ചെലവ്

50000(വികസന ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം, 16.02.2023 - ൽ 50000/- രൂപ വീയപുരം ഗ്രാമ പഞ്ചായത്തിന് നല്കി. എന്നാൽ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല. ആയത് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ, 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തിലെ ശുദ്ധ ജല പമ്പ് ഹൌസുകളിലെ കാലഹരണപ്പെട്ട മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കൽ -ചെലവ് തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല

താഴെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ആകെ 3030000/- രൂപ വിവിധ പമ്പ് ഹൌസുകളിലെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കാൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല.

എ) പ്രോജക്ട് നം. S0106/23

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തിലെ ശുദ്ധ ജല പമ്പ് ഹൌസുകളിലെ കാലഹരണപ്പെട്ട മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കൽ- അധിക തുക നല്കൽ

നിർവഹണം – സെക്രട്ടറി

ചെലവ്

6000(ബിൽ നം. 52/07.03.2023)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ, തിരുവല്ല – യുടെ 22.12.2022-ലെ D2 /14344/2022 കത്ത് മുഖേന ആവശ്യപ്പെട്ടതനുസരിച്ച് 6000/-നല്കി. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ബി) പ്രോജക്ട് നം. S0004/23

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തിലെ ശുദ്ധ ജല പമ്പ് ഹൌസുകളിലെ കാലഹരണപ്പെട്ട മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കൽ – തുക നല്കൽ

നിർവഹണം – സെക്രട്ടറി

ചെലവ്

2570000(XVFC/2022-23/P/16/29.12.2022)

454000(XVFC/2022-23/P/17/31.12.2022)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴ – യുടെ 06.09.2022-ലെ KWA /PHD/ ALP/D3/15023/2022, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ, തിരുവല്ല – യുടെ 22.12.2022-ലെ D2/14344/2022 എന്നീ കത്തുകൾ മുഖേന ആവശ്യപ്പെട്ടതനുസരിച്ച് മേൽ പ്രോജക്ട് പ്രകാരം യഥാക്രമം 25,70,000/-, 454000/- എന്നിങ്ങനെ തുകകൾ നല്കി.

വിനിയോഗ രേഖകൾ ഇല്ലാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ, 30,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ സ്മാർട്ട് അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ- വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. S0005/23

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ സ്മാർട്ട് അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ

നിർവഹണം – സെക്രട്ടറി

അടങ്കൽ

30,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്

30,00,000

(XVFC/2022-23/P/16/29.12.2022 -തുക-15,00,000

XVFC/2022-23/P/23/25.01.2023 -തുക-10,00,000

XVFC/2022-23/P/24/28.01.2023 -തുക-5,00,000)

മേൽ പ്രോജക്റ്റ് പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ സ്മാർട്ട് അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 30,00,000/-രൂപ മഹാത്മഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് സ്കീം മിഷൻ ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. ഈ വിഷയം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ, 30,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ആശുപത്രികളിലേക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സി.എച്ച്.സി. തൃക്കുന്നപ്പുഴ

സി.എച്ച്.സി. തൃക്കുന്നപ്പുഴ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന മരുന്ന് വാങ്ങൽ പ്രോജക്ടുകൾ പ്രകാരം KMSCLന് നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

1) പ്രോജക്ട് നം. S0011/23 – സി.എച്ച്.സി.തൃക്കുന്നപ്പുഴയിലേക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 2864309/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 2864309/-

| ക്രമ നം. | ട്രഷറി ബിൽ നം./തീയതി | KMSCL പ്രോഫോർമ നം./തീയതി | തുക | മരുന്നുകൾ ലഭ്യമായത് | ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|
| 1 | 14/6.9.22 | PRF -869/2.8.22 | 313953 | 292932 | 21021 |
| 2 | 31/23.12.22 | PRF-3011/15.12.22 | 208425 | 98737 | 109688 |
| 3 | 53/24.3.23 | PRF-5153/10.3.23 | 958734 | 157979 | 800755 |
| | ആകെ | | 1481112 | 549648 | 931464 |

2) പ്രോജക്ട് നം. S001 2/23 – ചെറുതന എഫ്.എച്ച്.സി.യിലേക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 300000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 300000/-

മേൽ പ്രോജക്ടിനായി KMSCL യുടെ PRF – 727/19.7.22 പ്രകാരം ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം.9/5.8.2022 പ്രകാരം 300000/- രൂപ നല്കിയതിൽ 260097/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 39903/- രൂപയുടെ മരുന്നുകൾ ലഭ്യമാകുവാനുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/12.12.23) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

ബ്ലോക്ക് പഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് തുക തിരിച്ചടയ്ക്കേണ്ടതും. ആയതിനാൽ ടാർ വീപ്പയുടെ വിലയിനത്തിൽ ലഭിച്ച തുക ടാർ വാങ്ങിയ ഫണ്ടിൽ (വികസന ഫണ്ട്) തിരിച്ചടക്കേണ്ടിയിരുന്നു. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടിയിരുന്നു. എന്നാൽ ഇവിടെ അപ്രകാരം ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ബാരൽ വില ബില്ലിൽ കുറവ് ചെയ്ത തുക (ജി.എസ്.ടി. ഉൾപ്പെടെ) | ചെലവുവിവരം |
|---|---|---|---|
| മങ്ങാട്ട് പുതുപ്പരക്കൽ റോഡ് ടാറിംഗ് (S0069/23/23) | വികസന ഫണ്ട് (ജനറൽ) | 3372<br>12ബാരൽ | BRN-22070752010001526986/<br>28.3.23<br>498404/- |
| കാരിശ്ശേരി ജംങ്ഷൻ ചുട്ടുകാട് ജംഗ്ഷൻ റോഡ് റീ-ടാറിംഗ് (S0030/23) | വികസന ഫണ്ട് (ജനറൽ) | 1686<br>6ബാരൽ | BRN-22070663010001233749/<br>23.2.23<br>481382/- |
| പേരെപടിറ്റതിൽ താമല്ലാക്കൽ റോഡ് റീ-ടാറിംഗ്(S0039/23) | വികസന ഫണ്ട് (ജനറൽ) | 3091<br>11 ബാരൽ | 500000/-BRN-22070663010001531310/<br>28.3.23 |
| റേഷൻക്കടപ്പടി അംഗൻവാടി കുറക്കശ്ശേരി പടി റോഡ് ടാറിംഗ് (S0066/23) | വികസന ഫണ്ട് (ജനറൽ) | 1967<br>7 ബാരൽ | BRN-22070663010001470425/<br>25.3.23 |
| ആകെ | | 10116 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/13.12.2023) മറുപടി നൽകിയിട്ടില്ല. ടാർ ബാരൽ വില വികസന ഫണ്ടിലും ജി.എസ്.ടി. ഇനത്തിൽ കുറവ് ചെയ്ത തുക ജി.എസ്.ടി. വകുപ്പിലും ഒടുക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-27 പ്ലാസ്റ്റിക് റിസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയില്ല

പ്രോജക്ട് നം - S0014/23
നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ
ഭരണാനുമതി തുക-16,00,000/-
സാങ്കേതികാനുമതി തുക- 1462000/-
ചെലവ് വിവരം - 1467834/-
(420802/(pfms-co72200261880/4.7.22)-876085/-(pfms-co32373122884/24.3.23)170947/- (Pfms-c032376351439/25.3.23)
കരാറുകാരൻ- ഷാജഹാൻ.എ.

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 1467834/-രൂ.ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ആവശ്യമായ മെഷിനറികൾ സ്ഥാപിച്ച് പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/8.12.2023), ടി യൂണിറ്റ് പ്രവർത്തനക്ഷമമായ ശേഷം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 ഐ കെ എം വിഹിതം നല്കൽ -വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. S0042/23
ഐ കെ എം വിഹിതം നല്കൽ
നിർവഹണം – സെക്രട്ടറി
അടങ്കൽ – 27988 (വികസന ഫണ്ട് -ജനറൽ)
ചെലവ്-27988 (ബിൽനം.12/19.08.2022)

മേൽ പ്രോജക്ട് പ്രകാരം, ഐ കെ എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ -ന്റെ 01.07.2022 -ലെ 1246/എ7/ഐ കെ എം/2022 നമ്പർ കത്തിൽ ആവശ്യപ്പെട്ടത് പ്രകാരം ഇൻഫോർമേഷൻ കേരള മിഷന്റെ അക്കൌണ്ടിലേയ്ക്ക് 27,988/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല. വിഷയം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/12.12.2023), വിനിയോഗ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതിനാൽ, 27988/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 മറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ - ക്രമീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കില, ജില്ലാ ശുചിത്വ മിഷൻ എന്നിവയുടെ നിർദ്ദേശാനുസരണമുള്ള പരിശീലനങ്ങൾക്കായി മുൻകൂറായി നൽകിയ താഴെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ചെലവഴിച്ച തുക അതത് സ്ഥാപനങ്ങളിൽ നിന്നും തിരികെ ലഭിച്ചിട്ടുമില്ല.

1) ഹരിപ്പാട് ബ്ലോക്കിന്റെ വൗച്ചർ പരിശോധനയിൽ മുൻകൂറായി നല്കിയ താഴെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ വൗച്ചറിനൊപ്പം ലഭ്യമല്ല.

| ക്രമ നം. | ചെക്ക് നം./തീയതി | മുൻകൂർ തുക | കൈപ്പറ്റിയ വ്യക്തി | റിമാർക്സ് |
|---|---|---|---|---|
| 1 | 84343/24.8.22 | 5000/- | ശ്രീമതി.പൊന്നമ്മ | കില ട്രെയിനിംഗ് ആവശ്യത്തിനായി |
| 2 | 84508/27.2.23 | 30000/- | ശ്രീ. ബാബു.എസ്. | ഹരിതകർമ്മ |

| | | | | |
|---|---|---|---|---|
| | | | | സേനാംഗങ്ങളുടെ ബ്ലോക്ക്തല സംഗമം (ജില്ലാ ശുചിത്വമിഷന്റെ നിർദ്ദേശ പ്രകാരം) |

2) KILAയിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും KILAയിൽ നിന്നും റീക്രൂപ്പ് ചെയ്തു ലഭ്യമാകുന്നതാണ് എന്ന ഓഫീസ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലും വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ട്രയിനിംഗ് നല്കിയതിനായി 29900/- രൂപ വൗച്ചർ നം.11/27.4.22 പ്രകാരം ചെലവഴിച്ചിട്ടുണ്ട് (ചെക്ക്നം. XY-84096/27.4.22). ടി തുക തിരികെ ലഭ്യമായിട്ടില്ല.

3). IV-INFOTECH എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. GSTS-240/6.10.22 പ്രകാരം 46800/-രൂപ ചെലവഴിച്ച് ഒരു കമ്പ്യൂട്ടർ വാങ്ങി MGNREGS ന് നല്കിയിട്ടുണ്ട് (ചെക്ക് നം. XY-84360/12.10.22- തുക - 62010/-). ടി കമ്പ്യൂട്ടർ സ്റ്റോക്കിലെടുക്കുകയോ MGNREGS അക്കൌണ്ടിൽ നിന്നും റീക്രൂപ്പ് ചെയ്യുന്നതിനായി MGNREGS അഡ്വാൻസായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
ടി ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/13.12.2023) മറുപടി ലഭ്യമാക്കിയില്ല.
ക്രമ നം.1 ലെ മുൻകൂർ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ തുക 35000/-രൂപ തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ക്രമ നം.1,2 എന്നിവയിൽ സൂചിപ്പിച്ച തുകകൾ കില, ജില്ലാ ശുചിത്വമിഷൻ എന്നിവിടങ്ങളിൽ നിന്നും ക്രമ നം.3ലെ തുക MGNREGSൽ നിന്നും തിരികെ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യം- ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

മാതൃഭൂമി ദിനപത്രത്തിന്റെ 26.8.22 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.XY-0084382 പ്രകാരം 13.12.22 ൽ മാതൃഭൂമി പത്രത്തിന് രൂ.245/$cm^2$ നിരക്കിൽ 24 $Cm^2$ വിസ്തൃതിയുള്ള 4 പരസ്യങ്ങളുടെ പരസ്യക്കൂലിയിനത്തിൽ 5% നികുതി സഹിതം താഴെ ചേർക്കും പ്രകാരം 24696/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 10.12.2020-ലെ ജി.ഒ(പി).നം.02/2020/ഐ&പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 12-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകേണ്ട 15% ട്രേഡ് ഡിസ്കൗണ്ട് താഴെ ചേർത്തിരിക്കുന്നവയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | ബിൽ നം. | തുക(നികുതി ഒഴികെ) | 5%നികുതി ഉൾപ്പെടെ നല്കിയ | ലഭ്യമാകേണ്ട 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| 1 | 321000032244/5.8.21 | 5880 | 6174 | 882 |
| 2 | 321000040685/29.8.21 | 5880 | 6174 | 882 |
| 3 | 321000028064/23.7.21 | 5880 | 6174 | 882 |
| 4 | 321000023647/08.7.21 | 5880 | 6174 | 882 |
| | | ആകെ | 24696 | 3528/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/13.12..23) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകേണ്ട ഡിസ്കൗണ്ട് തുക രൂ.3528/- സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ലഭ്യമാകാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

3-2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നം- S0053/23
ചെലവ് - 243100/-വികസന ഫണ്ട്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 2022-23 വർഷം ആകെ 243100 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം പരമാവധി 2000 കി.മി. ദൂരം ഓടുന്നതിന് കിലോ മീറ്ററിന് 17രൂ. നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. എന്നാൽ, 2023 മാർച്ച് മാസം 2292 കി.മീ. ഓടിയതിന് 17/k.m നിരക്കിൽ 38964രൂപ (ട്രഷറി ബിൽ നം.9/31.3.23) വാഹനവാടകയായി നല്കിയിട്ടുണ്ട്. 2000 കിലോമീറ്ററിൽ പരിമിതപ്പെടുത്തിയല്ല തുക അനുവദിച്ച നല്കിയത്.ആയതുമൂലം 2964 രൂ.അധികം നല്കുവാനിടയായി.
ജി.ഒ (എം.എസ്)115/2022/ത.സ്വ.ഭ.വ/28.05.22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പ്രതിമാസം പരമാവധി 2000 കി.മി ഓടുന്നതിന് 36000 രൂപ വരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.
സർക്കാർ നിർദ്ദേശിക്കുന്നതിലും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/11.12.23) മറുപടിയായി മാർച്ച് മാസത്തെ തിരക്കിൽ പറ്റിയ ക്ലറിക്കൽ എറർ ആണെന്നും വാഹനയുടമയിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അധികം ചെലവഴിച്ച 2964 രൂപ വാഹനയുടമയിൽ നിന്നും ഈടാക്കാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

3-3 ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ | ചെലവു വിവരം |
|---|---|---|---|---|---|
| 1 | കരുവാറ്റ പഞ്ചായത്തിൽ വാർഡ്9 ൽ വലിയപറമ്പ് ക്ഷേത്രം മുതൽ എൻ.എസ്.എസ് കരയോഗം വരെ ഓട നിർമ്മാണം (S0001/23) | സഞ്ജു ശശിധരൻ | 1231047 | 2462 | 487109/-327/28.3.23 |
| 2 | ചെറുതന സബ്സെന്റർ പൂർത്തീകരണം (S0101/23) | ബാബു ഗോപാലൻ | 1034755 | 2070 | 493697/-BRN-2307066301000080l173 /16.11.23 |
| ആകെ | | | | 4532 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/12.12.23) മറുപടിയായി ഇൻഷ്വറൻസ് ഇല്ലാത്തതിനാൽ ഫൈനൽ ബില്ലിൽ നിന്നും ഫൈൻ പിടിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ തുക ഈടാക്കിയില്ലെങ്കിൽ ആയതു നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്. ഫൈൻ ഇനത്തിൽ ഈടാക്കുവാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

(ക്രമ നം. 2ന്റെ ചെലവ് 2023-24ൽ ആയതിനാൽ ക്രമ നം.1 ന്റെ തുക മാത്രമാണ് ഭാഗം 3 ൽ ചേർത്തിരിക്കുന്നത്.)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 300000 | അറയ്ക്കൽ കോളനി അടിസ്ഥാന സൌകര്യം വികസനം , കരുവാറ്റ ഗ്രാമ പഞ്ചായത്ത് | 300000 | |
| ആകെ | | 300000 | | 300000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | ശുദ്ധജല വിതരണ പമ്പ് ഹൌസുകളിലെ കാലഹരണപ്പെട്ട മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കൽ | XVFC/2022-23 /P/15/28.9.2022 XVFC/2022-23 /P/17/28.9.2022 | 3030000 | 0 | 3030000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക | തൻവർഷം ഒടുക്കിയ തുക | തിരിച്ചടക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ഭവനനിർമ്മാണം | ജി.ഒ.(പി)നം. 177/66 /ഫിൻ തീയതി 12.4.06 | 94,14,571 | - 1,89,146 (വാർഷിക കണക്ക് പ്രകാരം) | 467402 (സുലേഖ ചെലവ് പത്രിക പ്രകാരം) | 0 |

വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 1,89,146 രൂപ കൂടുതലായി സഹകരണ ബാങ്കുകളിലേക്ക് ഒടുക്കി. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് ലോണിനത്തിൽ എടുത്ത തുകയുടെയും 2022-23 വരെ ഒടുക്കിയ തുകയുടെയും കൃത്യത പരിശോധിക്കാനായില്ല. 2021-22 വർഷം അധികമായി 1,89,146 രൂപ ഒടുക്കിയിരുന്നെങ്കിലും തൻവർഷം പ്രോജക്റ്റ് പ്രകാരം 467402 രൂപ വീണ്ടും ഒടുക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഇത് സംബന്ധിച്ച കണക്കുകൾ കൃത്യമാക്കി രേഖാമൂലം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.(ഖണ്ഡിക 1-22 കാണുക).

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.13 | 2007-08 | 3.30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കൺവീനർ മുഖേന വേല നിർവ്വഹിച്ചു | സമിതിയുടെ പരിഗണനയിൽ |

4-8 ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65450527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76005210 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8954 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 66,23,793 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3528 | ശ്രീ.വിഷ്ണുമോഹൻ ദേവ്, സെക്രട്ടറി |
| 3-2 | | 2964 | ശ്രീമതി.രാജവല്ലി.എൻ.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-3 | | 2462 | ശ്രീമതി.ജസീന എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 8954 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-13 | 1,19,000 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-14 | 61,805 | ഡോ.സുനിൽ ആർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

| | | |
|---|---|---|
| 1-19 | 2,50,000 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| 1-21 | 50,000 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| 1-22 | 50,000 | ശ്രീ.ജയസിംഹൻ.കെ, സെക്രട്ടറി |
| 1-23 | 30,30,000 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| 1-24 | 30,00,000 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| 1-28 | 27,988 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| 1-29 | 35,000 | ശ്രീ.വിഷ്ണ മോഹൻ ദേവ്, സെക്രട്ടറി |
| | 66,23,793 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിഷ്ണ മോഹൻ ദേവ്,<br>സെക്രട്ടറി | സെക്രട്ടറി, | മഹേഷ് ഭവനം,<br>18/490<br>എം.ജി റോഡ്<br>ആറ്റിങ്കൽ പി.ഒ. |
| ശ്രീമതി ജസീന എം.,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,<br>ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | ആരാമം,<br>പട നോർത്ത്,<br>കരുനാഗപ്പള്ളി |
| ഡോ.സുനിൽ ആർ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി തൃക്കുന്നപ്പുഴ | അമ്പിളി ഭവൻ<br>മഹാദേവികാട് പി.ഒ.,<br>കാർത്തികപ്പള്ളി |
| ശ്രീ.ജയസിംഹൻ കെ,<br>സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് | താനത്ത് വീട്,<br>ആലുകടവ് സൌത്ത്,<br>കരുനാഗപ്പള്ളി |
| ശ്രീമതി.രാജവല്ലി എൻ എസ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | നെല്ലിക്കുന്ന്, കുറിച്ചി, മുട്ടം<br>പി ഒ<br>പത്തനംതിട്ട |
| ശ്രീ.രാജേന്ദ്രപ്രസാദ്,<br>കൃഷി ഓഫീസർ | വിരമിച്ചു | സന്തോഷ് നിലയം,<br>മറ്റം നോർത്ത്,<br>തട്ടാരമ്പലം, മാവേലിക്കര |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14 തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |
| 2018-19 | കെ.എസ്.എ- എ.എൽ.പി.167/2020/28.01.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-/710/2022/12.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-/711/2022/12.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി-/328/2023 /28.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 26-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Haripad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Haripad Block Panchayat for the year 2022-2023

Date: 23/12/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Haripad Block Panchayat for the Year 2022-2023

.

### 1.Major Observations

NIL

### 2.Other Observations

1. The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2. In Cash flow statement, Net increase/decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalents.

3.Schedule âÂÂÂÂÂÂ RP4, RP5 and RP6 have not produced the necessary register to verify the correctness of the returns.

4.No rent register is maintained.

5.Advance register and deposit register are not maintained.

6.The amount of expenditure in ACR under Development Fund (General) does not match the amount in the Annual Financial Statement.

7.The amount of expenditure in ACR under Development Fund (TSP) does not match the amount in the Annual Financial Statement.

8.The amount of expenditure in ACR under Maintenance grant does not match the amount in the Annual Financial Statement.

9.The amounts invested in the Kerala Water Authority and Ground Water Department this year do not match the amount in the annualfinancial Statement.

10.The amount received by way of CFC interest has not been accounted for under the specified head.

11.Bank Reconciliation Statement not produced - Amounts in Schedule - B17 do not match with Passbook.

12.Loan register not produced - Unable to verify accuracy of loan balance as per annual calculation

13.Annual cost of joint venture projects does not agree with Annual Estimates and Sulekha Cost Sheet.

Senior Deputy Director
District Audit Office, Alappuzha
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്